## കനം കൂട്ടലും കുറക്കലും  التفخيم ، الترقيق

അക്ഷരങ്ങളെ വായ് നിറച്ച് മൃദുത്വമില്ലാതെ കനം കൂട്ടിപ്പറയുന്നതിനാണ് തഫ്ഖീം تَفْخِيمْ എന്നു പറയുന്നു. തഫ്ഖീം ആയി ഉച്ചരിക്കുന്ന അക്ഷരങ്ങൾ ظ ،ق ،غ ،ض ،ص ،ط ،ر എന്നിവയാകുന്നു. ഇവയെ ഇസ്തിഅ്ലാഅ് എന്നു പറയുന്നു. അതോടൊപ്പം الله എന്ന മഹദ്നാമത്തിലെ ലാം എന്ന അക്ഷരവും തഫ്ഖീം ആയി ഉച്ചരിക്കപ്പെടും.

الله എന്ന നാമത്തിനു മുമ്പ് ദമ്മ് (ـُ) അല്ലെങ്കിൽ ഫത്ഹ് എന്നിവയിൽ ഏതെങ്കിലും ഒന്നുള്ള വാക്ക് വന്നാൽ തഫ്ഖീം ആക്കി പാരായണം ചെയ്യണം. ഉദാ:

إِنِّى عَبْدُ الله    سَيُؤْتِينَا الله    الله خالق كلّ شيئ

കനം കുറച്ചു പറയുന്നതിന് തർഖീഖ് تَرْقِيقْ എന്നു പറയുന്നു. ഉദാഹരണമായി الله എന്ന മഹദ്നാമത്തി മുമ്പുള്ള അക്ഷരത്തിന് കസ്റ് كسر ആകുമ്പോൾ الله കനം കുറച്ച് ഉച്ചരിക്കണം. ഉദാഹരണം- بسم الله

അറബി അക്ഷരങ്ങളിൽ മേൽ സൂചിപ്പിച്ച 8 അക്ഷരങ്ങളൊഴിച്ചുള്ള എല്ലാ അക്ഷരങ്ങളെയും കനം കുറച്ചാണ് ഉച്ചരിക്കേണ്ടത്.

കനം കൂട്ടിയുള്ള ഉച്ചാരണത്തിന് ഉദാഹരണം- قل هوَ الله / مامن إله غيرُ الله

കനം കുറച്ചുള്ളവക്ക് ഉദാഹരണം- بسم الله / يسبحُ لله /

راء നെയും കട്ടി കുറച്ചും കൂട്ടിയും ഉച്ചരിക്കേണ്ട സന്ദർഭങ്ങളുണ്ട്. അവ താഴെ സൂചിപ്പിക്കുന്നു.

### കട്ടി കുറച്ചു പറയേണ്ട സന്ദർഭങ്ങൾ

1. റാക്ക് കസ്റ് ആകുമ്പോൾ ഉദാ- رِجَالٌ
2. റാക്ക് സുകൂൻ ആവുകയും തൊട്ട് മുമ്പുള്ളതിന് കസ്റ് ആവുകയും ചെയ്യുക. ഉദാ: فِرْعَوْن
3. റാക്ക് സുകൂൻ ആവുകയും അതിനു മുമ്പ് യ എന്ന അക്ഷരം വരികയും ചെയ്യുക. ഉദാ: قَدِيرْ
4. റായും അതിനു മുമ്പുള്ളതും സുകൂനോടു കൂടിയുള്ളതാവുക. ഉദാ: السِّحْرْ

ഈ ഉദാഹരണങ്ങളിൽ സൂചിപ്പിച്ചതുപോലുള്ള സന്ദർഭങ്ങളിലൊക്കെ റ കട്ടി കുറച്ച് മലയാളത്തിലെ ര എന്ന അക്ഷരത്തിൻെറ സ്വരത്തിൽ ഉച്ചരിക്കണം. ബാക്കിയുള്ള അവസ്ഥകളിൽ റ കട്ടി കൂട്ടി ഉച്ചരിക്കപ്പെടും.

### കട്ടി കൂട്ടിയുള്ള പാരായണം

1. റാക്ക് ദമ്മോ ഫത്ഹോ ഉണ്ടാവുക. ഉദാ: عُرُبًا أَتْرَابًا
2. റാക്ക് സുകൂനും തൊട്ടു മുമ്പുള്ളതിന് ദമ്മോ ഫത്ഹോ ആവുകയും ചെയ്യുക. ഉദാ: الْقُرْآنُ ،
3. റാക്ക് സുകൂനും അതിനു മുമ്പുള്ളതിന് കസ്റ് ആവുകയും ചെയ്യുക. ഉദാ:

لِمَنِ ارْتَضَى ، مِرْصَاد

4. റാക്ക് സുകൂൻ ആവുകയും തൊട്ടു മുമ്പുള്ളതിന് സുകൂൻ ആവുകയും ചെയ്യുക. الشُّكْرْ
5. റാക്ക് സുകൂനും തൊട്ടുമുമ്പുള്ളതിന് ഫത്ഹ് ആവുകയും ചെയ്യുക. نَار
6. റാക്ക് സുകൂനും തൊട്ടുമുമ്പുള്ളതിന് ദമ്മ് ആവുകയും ചെയ്യുക. غَفُور

തഫ്ഖിമും തർഖീഖും ഒരുമിച്ചുവരുന്ന സന്ദർഭങ്ങളുമുണ്ട്. റാ വഖ്ഫിനുള്ള സുകൂനുള്ളതാവുകയും അതിനു മുമ്പ് എപ്പോഴും കട്ടി കൂട്ടി ഉച്ചരിക്കപ്പെടുന്ന (ഇസ്തിഅ്ലാഇൻെറ) സുകൂനുള്ള അക്ഷരമാവുകയും ചെയ്യുക. ഉദാഹരണം: الْقَطْرْ